LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളെക്കുറിച്ച് സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക സർവ്വെ

*15 [427] ശ്രീ. വി. ജെ. പൗലോസ് :
,, കെ. ബാബു :
,, പി. ജെ. ജോയി :
,, കെ. സി. ജോസഫ് :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക സർവ്വെ എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിലെന്ന്;

(ബി) സംസ്ഥാനത്തുണ്ടായ മാറ്റങ്ങളുടെ വെളിച്ചത്തിൽ അവരെ സംബന്ധിക്കുന്ന ഒരു പുതിയ സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക സർവെ നടത്താനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ഉണ്ട്. 2004 നവംബർ-ഡിസംബർ മാസങ്ങളിൽ.

(ബി) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംബന്ധിക്കുന്ന ഒരു സമഗ്ര സെൻസസ് 2005-06-ൽ നടത്തുന്നതിന് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. സെൻസസിന്റെ പ്രാരംഭജോലികൾ ഉടൻ ആരംഭിക്കുന്നതാണ്.

ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ

*16 [428] ശ്രീ. ടി. കെ. ദേവകുമാർ :
,, ടി. കെ. ബാലൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുതുതായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി സർക്കാർ അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പുതിയ പദ്ധതികൾ ഏതൊക്കെയാണ്?